ഏസി.എച്ച്/2019

22.07.2019.

# പത്രക്കുറിപ്പ്

## കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019

## സ്പോർട്സ് ക്വാട്ട പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ യു.ജി/ പി.ജി. സ്പോർട്സ് ക്വാട്ട പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്ത എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി സമർപ്പിച്ച സ്പോർട്സ് ക്വാട്ട അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ടും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പും അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം നിശ്ചിത തീയതികളിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. യു.ജി./പി.ജി കോഴ്സുകൾക്ക് ജൂലൈ 25 (വൈകുന്നേരം 3 മണി വരെ) കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

അപേക്ഷകർ നേരിട്ടോ, പ്രതിനിധി മുഖേനയോ മേൽ പറഞ്ഞ സമയത്തിനുള്ളിൽ കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട സീറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേയ്ക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു കോളേജുകളിൽ ഒരു അപേക്ഷ സമർപ്പിച്ചാൽ മതി.

മേൽ പറഞ്ഞ തീയതികളിൽ കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്ന വിദ്യർത്ഥികളെ മാത്രം ഉൾപ്പെടുത്തി യു.ജി. / പി.ജി. സ്പോർട്സ് ക്വാട്ട റാങ്ക് പട്ടിക 01.08.2019–ന് അഡ്മിഷൻ വെബ്സൈറ്റിലും, കോളേജുകളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇത്തരത്തിൽ പ്രസിദ്ധപ്പെടുത്തുന്ന റാങ്ക്പട്ടികയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനം.

യു.ജി/പി.ജി. സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്ന, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ആഗസ്റ്റ് 2–ാം തീയതി ഉച്ചക്ക് 12 മണിക്കു മുൻപ് (അപേക്ഷകനോ/അപേക്ഷകന്റെ പ്രതിനിധിയോ) ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകണം. 12 മണിക്കു ശേഷം ഹാജരാകുന്ന വിദ്യാർത്ഥികളെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരത്തിൽ തെറ്റുകൾ കണ്ടെത്തുകയോ മേൽ നിർദേശിച്ച സമയത്തിനുള്ളിൽ കോളേജുകളിൽ ഹാജരാകാതെയോ ഇരുന്നാൽ റാങ്ക്ലിസ്റ്റിലെ അടുത്ത അപേക്ഷകനെ പരിഗണിക്കുന്നതാണ്.

അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

**രജിസ്ട്രാർ**

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)